**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5132** **21-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷി വിപുലീകരണത്തിനും നെല്ല് സംഭരണത്തിനുമുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ആറ് വർഷമായി നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയുടെ വിപുലീകരണത്തിനായി കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെ എന്നും ഇതുവഴി നെൽ ഉല്പാദനത്തിലും പച്ചക്കറി ഉല്പാദനത്തിലും വന്ന വർദ്ധനവ് എത്രയെന്നും വിശദമാക്കാമോ; | (എ) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതിയാണ് നെൽകൃഷി വികസന പദ്ധതി. പദ്ധതിയുടെ വിവിധ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു.<br><br>പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കഴിഞ്ഞ ആറ് വർഷ കാലയളവുകളിലും തുടർന്നും നടപ്പിലാക്കി വരുന്ന ബൃഹത്ത് പദ്ധതിയാണ് **സമഗ്ര പച്ചക്കറി വികസന പദ്ധതി**. പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി കൃഷി വ്യാവസായിക അടിസ്ഥാന ത്തിലും, വീട്ടുവളപ്പുകളിലും പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിനു വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |
| (ബി) | ഈ പ്രവർത്തനങ്ങൾക്കായി ഇക്കാലയളവിൽ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) | സമഗ്ര നെൽകൃഷി വികസന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 4331.615 ലക്ഷം രൂപ ചെലവഴിച്ചു. 2017-18 വർഷത്തിൽ 6394.48 ലക്ഷം രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്കായി 8206.803 ലക്ഷം രൂപയും ചെലവഴിച്ചു, 2019-20 വർഷത്തിൽ 5342.85085 ലക്ഷം രൂപയും, 2020-21 സാമ്പത്തിക വർഷത്തിൽ 8582.8 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 10710.281 ലക്ഷം രൂപയും ചെലവഴിച്ചു. ഇത്തരത്തിൽ കഴിഞ്ഞ ആറ് വർഷമായി സമഗ്ര നെൽകൃഷി വികസന പദ്ധതിക്കായി ആകെ 43568.82985ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നെല്ലിന്റെ ഉത്പാദന ബോണസായി |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തുകൾക്ക് 6270.88867 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് 185.82656ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് 2.68576 ലക്ഷം രൂപയും ചേർത്ത് ആകെ 6459.40099 ലക്ഷം രൂപ വിതരണം ചെയ്തു.<br><br>സമഗ്ര പച്ചക്കറി വികസന പദ്ധതിയ്ക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 5673.39 ലക്ഷം രൂപ ചെലവഴിച്ചു. 2017-18 വർഷത്തിൽ 7126.2 ലക്ഷം രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്കായി 7015.04 ലക്ഷം രൂപയും ചെലവഴിച്ചു, 2019-20 വർഷത്തിൽ 4413.86 ലക്ഷം രൂപയും, 2020-21 സാമ്പത്തിക വർഷത്തിൽ 6170.67 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 6815.71 ലക്ഷം രൂപയും ചെലവഴിച്ചു. ഇത്തരത്തിൽ കഴിഞ്ഞ ആറ് വർഷമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയ്ക്കായി ആകെ 37214.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | നെല്ല് സംഭരണത്തിനായി ഇക്കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (സി) | കഴിഞ്ഞ 6 വർഷങ്ങളായി സംസ്ഥാന പ്രോത്സാഹന ബോണസിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2015-16 സീസൺ മുതലുള്ള സംസ്ഥാന പ്രോത്സാഹന ബോണസിന്റെ കണക്ക് **അനുബന്ധം-3** ആയി ചേർക്കുന്നു. 2022-23 സീസൺ മുതൽ പ്രോത്സാഹന ബോണസിൽ 20 പൈസ വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br><br>പാട്ടകർഷകർ സത്യവാങ്മൂലം നൽകണം എന്ന വ്യവസ്ഥ ഒഴിവാക്കി. പകരം കൃഷി ഉദ്യോഗസ്ഥർ ഓൺലൈനായി അപേക്ഷ അപ്രൂവ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കി.<br><br>കേരളത്തിൽ കൃഷി ചെയ്ത് വിളവെടുക്കുന്ന നെല്ലാണ് സംഭരിക്കുന്നതെന്ന് ഉറപ്പാക്കു വാനായി നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ കേരള റവന്യൂ വകുപ്പിന്റെ ഭൂവിവര രജിസ്ട്രേഷൻ പോർട്ടലുമായി ബന്ധിപ്പിച്ചു.<br><br>കർഷകർക്ക് സമയബന്ധിതമായി നെല്ലിന്റെ വില ലഭ്യമാകുന്നതിനുവേണ്ടി ബാങ്കുകളുമായി കരാറിലേർപ്പെട്ടുകൊണ്ട് പി.ആർ.എസ് (പാഡി റെസീപ്റ്റ് ഷീറ്റ്) വായ്പാപദ്ധതി 2017-18 സീസൺ മുതൽ രൂപംകൊടുത്തു നടപ്പിലാക്കിവരുന്നു. |
| (ഡി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഇടനിലക്കാരുടെയും സ്വകാര്യമില്ലുടമകളുടെയും ചൂഷണത്തിൽ നിന്ന് നെൽക്കർഷകരെ | (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ കർഷകർ തങ്ങൾ ഉൽപ്പാദിപ്പിച്ച നെല്ല് സംഭരണ ക്രേന്ദ്രത്തിലേയ്ക്ക് കൊണ്ടുവരികയും ഗുണമേന്മ ഇല്ല എന്ന് |

| | | | |
|---|---|---|---|
| | രക്ഷിക്കുന്നതിനും നെല്ല് സംഭരണം സമയബന്ധിതമായി നടപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | കണ്ടെത്തിയാൽ ആയത് സ്വന്തം ചെലവിൽ തിരികെ കൊണ്ടുപോകുകയും ചെയ്യേണ്ട അവസ്ഥയുണ്ട്. എന്നാൽ കേരളത്തിൽ കർഷകന്റെ കൃഷിയിടത്തിൽ നിന്നു തന്നെ നേരിട്ട് നെല്ല് സംഭരിക്കുന്നു. ഇതുമൂലം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കർഷകർ ചൂഷണം നേരിടാത്ത സംസ്ഥാനമാണ് കേരളം. ഗുണമേന്മ കുറഞ്ഞ നെല്ല് മറ്റ് സംസ്ഥാനങ്ങളിൽ സംഭരിക്കപ്പെടാതിരിക്കുമ്പോൾ കേരളത്തിൽ ന്യായമായ കിഴിവിൽ നെല്ല് സംഭരിക്കപ്പെടുന്നു. സർക്കാർ - സഹകരണ - സ്വകാര്യ മില്ലുകളുമായി കരാറിലേർപ്പെട്ടുകൊണ്ട് അവർ മുഖേന നെല്ല് സംഭരിക്കുന്നതുമൂലമാണ് ഇങ്ങനെ സാധ്യമാകുന്നത്. മില്ലുടമയോ, മില്ലുടമയുടെ പ്രതിനിധിയോ നെല്ല് സംഭരിക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മില്ലുടമയോ അയാളുടെ പ്രതിനിധിയോ അല്ലാതെ ഇടനിലക്കാർ നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്നില്ല. മില്ലുകൾ മുഖേന നെല്ല് സംഭരിക്കുന്നുവെങ്കിലും സംഭരണ പ്രക്രിയ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സപ്ലൈകോ ഉദ്യോഗസ്ഥർ ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോയിലെ ഉദ്യോഗസ്ഥർ നെല്ലിന്റെ ഗുണമേന്മ പരിശോധിക്കുകയും അത് കർഷകരെയും മില്ലുടമയെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരെയും ബോധ്യപ്പെടുത്താറുമുണ്ട്. മില്ലുടമകളിൽ നിന്നും കർഷകർക്ക് ചൂഷണം നേരിടാതിരിക്കുവാനായി അതീവശ്രദ്ധ സപ്ലൈകോ ചെലുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**നെൽകൃഷി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ**

സുസ്ഥിര നെൽകൃഷി വികസനം: നെൽക്കൃഷിക്കുള്ള വിവിധ ഉത്പാദനോപാധികൾക്കുള്ള ധനസഹായമായി 2016-17 വർഷത്തിൽ 169535.80 ഹെക്ടറിലും 2017-18 വർഷത്തിൽ 182264 ഹെക്ടറിലും, 2018-19 വർഷത്തിൽ 183269.076 ഹെക്ടറിലും, 2019-20 വർഷത്തിൽ 163594.6123 ഹെക്ടറിലും 2020-21 വർഷത്തിൽ 50505.45 ഹെക്ടറിലും, 2021-22 വർഷത്തിൽ 166997.09 ഹെക്ടറിലും ഉല്പാദനോപാധികൾക്കുള്ള ധനസഹായം കർഷകർക്ക് വിതരണം ചെയ്തു.

**കരനെൽകൃഷി വികസനം** : സംസ്ഥാനത്ത് നെൽവയലുകളിൽ കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് പരിമിതികൾ ഉള്ളതിനാൽ, ജലസേചന സൗകര്യവും, മണ്ണും അനുയോജ്യമായ കരപ്രദേശത്ത് 2016-17 വർഷത്തിൽ 2743.2237 ഹെക്ടറിലും 2017-18 വർഷത്തിൽ 2625.85 ഹെക്ടറിലും 2018-19 വർഷത്തിൽ 2338.471 ഹെക്ടറിലും 2019-20 വർഷത്തിൽ 2476.908 ഹെക്ടറിലും 2021-22 വർഷത്തിൽ 404.04081 ഹെക്ടറിലും കരനെൽകൃഷി നടപ്പിലാക്കി.

**ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി** : നെൽകൃഷിയുടെ വിസ്തൃതി വർധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ ഒരുപൂ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ സാധ്യമായ സ്ഥലത്ത് ഇരുപ്പൂ കൃഷി ആക്കുന്ന പദ്ധതി നടപ്പിലാക്കി ഇപ്രകാരം 2016-17 വർഷത്തിൽ 88.45 ഹെക്ടറിലും 2017-18 വർഷത്തിൽ 3136.06 ഹെക്ടറിലും 2018-19 വർഷത്തിൽ 1783.7554 ഹെക്ടറിലും 2019-20 വർഷത്തിൽ 254.4939 ഹെക്ടറിലും 2021-22 വർഷത്തിൽ 496.7 ഹെക്ടറിലും ഒരുപൂ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ ഇരുപ്പൂ കൃഷിചെയ്തു.

കൂടാതെ, 2018-19 വർഷം മുതൽ **ഓപ്പറേഷൻ കോൾ ഡബിൾ** എന്ന പ്രത്യേക പദ്ധതി രൂപീകരിക്കുകയും തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ ഇരുപ്പൂ നെൽകൃഷിയും, സാധ്യമായ സ്ഥലങ്ങളിൽ രണ്ടാം വിളയായി പയർ വർഗങ്ങൾ, ചോളം, എണ്ണക്കുരുവിളകൾ എന്നിവ കൃഷി ചെയ്യുകയും അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

**തരിശുനില കൃഷി** : നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനം നൽകി . 2016-17 വർഷത്തിൽ 2372.245 ഹെക്ടറിലും, 2017-18 വർഷത്തിൽ 6916.54 ഹെക്ടറിലും 2018-19 വർഷത്തിൽ 7438.43 ഹെക്ടറിലും 2019-20 വർഷത്തിൽ 2469.747 ഹെക്ടറിലും തരിശ് നെൽ കൃഷിയുടെ ആനുകൂല്യം നൽകി.

കോവിഡ് സാഹചര്യത്തിൽ പ്രത്യേകമായി നടപ്പിലാക്കിയ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തിൽ 9070 ഹെക്ടറിലും, 2021-22 വർഷത്തിൽ 4431 ഹെക്ടറിലും തരിശുനില കൃഷി നടപ്പിലാക്കി.

**പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം** : പൊക്കാളി, ഞവര, ജീരകശാല ഗന്ധകശാല, രക്തശാലി, ബസ്മതി എന്നീ പ്രത്യേക നെല്ലിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി പ്രധാനമായും ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ ജില്ലകളിലാണ് നടപ്പിലാക്കിയത്. 2016-17 വർഷത്തിൽ 888.57 ഹെക്ടറിലും, 2017-18 വർഷത്തിൽ 1182.92 ഹെക്ടറിലും, 2018-19 വർഷത്തിൽ 907.892 ഹെക്ടറിലും, 2019-20 വർഷത്തിൽ 458.334 ഹെക്ടറിലും 2021-22 വർഷത്തിൽ 499.99 ഹെക്ടറിലും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കി.

**നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി** : 2020-21 നവംബർ മാസത്തിലാണ് റോയൽറ്റി പദ്ധതി സംസ്ഥാനത്ത് ആദ്യമായിട്ടാണ് നടപ്പിലാക്കിയത്. AIIMS പോർട്ടൽ വഴി ഓൺലൈൻ

സംവിധാനത്തിലൂടെ തികച്ചും സുതാര്യമായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. നെൽവയലുകൾ തരം മാറ്റുന്നത് വ്യാപകമായ സാഹചര്യത്തിൽ ആയത് നിരുത്സാഹപ്പെടുത്തുന്നതിനും വയലുകൾ നിലനിർത്തുന്നതിനും നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000/- രൂപ നിരക്കിൽ 2020-21 വർഷത്തിൽ 38120.475 ഹെക്ടറിലേക്കായി 762.4095 ലക്ഷം രൂപയും, 2021-22 വർഷത്തിൽ 18519.86 ഹെക്ടറിലേക്കായി 370.3972 ലക്ഷം രൂപയും റോയൽറ്റി വിതരണം ചെയ്തു. 2022-23 വർഷം മുതൽ നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി ഹെക്ടറിന് 3000/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 നടപ്പാക്കൽ** : നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള 351 ഡാറ്റാ ബാങ്കുകളുടെ വാലിഡേഷൻ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ KSREC മുഖാന്തിരം നടപ്പിലാക്കി.

**പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള ഫണ്ട്**: 2016-17 വർഷത്തിൽ 26842 ഹെക്ടറിലും 2017-18 വർഷത്തിൽ 90158.06 ഹെക്ടറിലും 2018-19 വർഷത്തിൽ 94812.7821 ഹെക്ടറിലും 2019-20 വർഷത്തിൽ 63839.75 ഹെക്ടറിലും 2020-21 വർഷത്തിൽ 83152.77 ഹെക്ടറിലും 2021-22 വർഷത്തിൽ 83333.33 ഹെക്ടറിലും ധനസഹായം നൽകി.

**നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്**: നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്ക് പ്രവർത്തന ഫണ്ട് നൽകി. പൊതു ഞാറ്റടി, കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പ്പണികൾ തുടങ്ങിയ പാടശേഖര സമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന സഹായവും നൽകി.

പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പദ്ധതിയധിഷ്ഠിതമായി 2021-22 വർഷത്തിൽ 84.15845 ലക്ഷം രൂപ പ്രത്യേകമായി ആനുകൂല്യം നൽകി.

**രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം** : ഗുണമേന്മയുള്ള നെൽ വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിനായി രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം നടപ്പിലാക്കി. പാലക്കാട്, തൃശ്ശൂർ, എറണാകുളം, മലപ്പുറം കോട്ടയം എന്നീ 5 ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 2017-18 വർഷത്തിൽ 2578.88 ഹെക്ടറിലും, 2018-19 വർഷത്തിൽ 2114.55 ഹെക്ടറിലും, 2019-20 വർഷത്തിൽ 1209.75 ഹെക്ടറിലും 2020-21 വർഷത്തിൽ 2179.73 ഹെക്ടറിലും 2021-22 വർഷത്തിൽ 1127.63 ഹെക്ടറിലും രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം നടപ്പിലാക്കി. ആകെ 32413.3 ടൺ സർട്ടിഫൈഡ് നെൽ വിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം സംഭരിച്ച് കർഷകർക്ക് വിതരണം നടത്തി.

**പാഠം ഒന്ന് പാടത്തേയ്ക്ക്** : വിദ്യാർത്ഥികളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി 2019-20 ൽ ആരംഭിച്ച പദ്ധതിയാണ് "പാഠം ഒന്ന് പാടത്തേയ്ക്ക്". നെല്ലിന്റെ ജന്മദിനമായി സങ്കൽപ്പിക്കപ്പെടുന്ന കന്നിമാസത്തിലെ മകം നാളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുമാണ് ചെയ്തത്.

**നോൺ പ്ലാൻ (പദ്ധതിയേതരം)** ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത് പാദന ബോണസായി ഗ്രാമപഞ്ചായത്തുകൾക്കായി 6270.88867 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 185.82656 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 2.68576 ലക്ഷം രൂപയും വിതരണം ചെയ്തു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ ‘Productivity

Improvement of Paddy in Kerala’ എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലകവളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കി. കൂടാതെ ദേശീയ ഭക്ഷ്യ സുരക്ഷാമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണമേന്മയുള്ള നെൽവിത്തിനും കാർഷിക യന്ത്രോപകരണങ്ങൾക്കും മറ്റും പാലക്കാട് ജില്ലയിൽ പ്രത്യേകമായി ആനുകൂല്യവും നൽകി. ഇതിനു പുറമേ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി പദ്ധതികളും കൃഷി ഭവൻ വഴി നടപ്പിലാക്കി.

## സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഘടകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

### വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിനായ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സ്ഡി നൽകുന്നതിന് ലക്ഷ്യമിടുന്നു.

### സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിത/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയ്ക്ക് ധനസഹായം നൽകി വരുന്നു.

### വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 - 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകി വരുന്നു.

### പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം

വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

പമ്പ്സെറ്റും മറ്റ് അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000/- രൂപ വരെ ധനസഹായം നൽകുന്നു.

പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം വിഭാവനം ചെയ്തിട്ടുണ്ട്.

നെൽകൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി സാധിച്ചു. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചത് പ്രകാരം 2016-17 വർഷത്തിൽ 171398 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 2020-21 വർഷത്തിൽ 205040 ഹെക്ടർ വരെയും, ഉത്പാദനം 549275 ടണ്ണിൽ നിന്നും 633739 ടൺ വരെയും ഉയർത്തുവാൻ സാധിച്ചു. ഉത്പാദനക്ഷമതയിലും ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ സാധിച്ചു. 2016-17 വർഷത്തിൽ ഉത്പാദനക്ഷമത 2547 കിലോ/ഹെക്ടർ ആയിരുന്നത് 2020-21 വർഷത്തിൽ 3090 കിലോ/ഹെക്ടർ വരെ ഉയർത്തുവാൻ സാധിച്ചു (2021-22 വർഷത്തെ പൂർണമായ കണക്കുകൾ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല).

ഈ കാലയളവിൽ പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദനപ്പിക്കുവാനും സാധിച്ചു. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറായി ഉയർത്താനും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദനപ്പിക്കുവാനും കഴിഞ്ഞു. 2018-19 ആയപ്പോഴേക്കും പച്ചക്കറി വിസ്തൃതി 0.82166 ലക്ഷം ഹെക്ടറും ഉല്പാദനം 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാനും സാധിച്ചു. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ആയി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.02 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കുവാനും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.08 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിക്കുയും, ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതിലൂടെ കഴിഞ്ഞ ആറ് വർഷം കൊണ്ട് 7.25 ലക്ഷം മെട്രിക് ടൺ ആയിരുന്ന പച്ചക്കറിയുടെ ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിന് സാധ്യമായിട്ടുണ്ട്.

**അനുബന്ധം-3**

**2015-16 സീസൺ മുതലുള്ള സംസ്ഥാന പ്രോത്സാഹന ബോണസിന്റെ കണക്ക് ചുവടെ ചേർക്കുന്നു.**

| **സീസൺ** | **സംസ്ഥാന പ്രോത്സാഹന ബോണസ് (Rs./Kg)** |
|---|---|
| 2015-16 | 7.4 |
| 2016-17 | 7.8 |
| 2017-18 | 7.8 |
| 2018-19 | 7.8 |
| 2019-20 | 8.8 |
| 2020-21 | 8.8 |
| 2021-22 | 8.6 |